പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2020 16.02.2016-ൽ മറുപടിക്ക്

## റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.വി.രാജേഷ് : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി യിൽ റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ തസ്തികകളിലേക്ക് പി.എസ്.സി. നിയമന ശുപാർശ നൽകിയ എത്ര പേർക്ക് പ്രസ്തുത തസ്തികയിൽ നിയമന ഉത്തരവ് നല്കിയിട്ടുണ്ട് ; വിശദാംശം നൽകുമോ; | (എ) | കെ.എസ്.ആർ.ടി.സി യിൽ റിസർവ് കണ്ടക്ടർ തസ്തികയിൽ പി.എസ്.സി നിയമനോപദേശം നൽകിയിട്ടുള്ള 9300 പേരിൽ 8750 പേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 550 പേർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. റിസർവ് ഡ്രൈവർ തസ്തികയിൽ നിയമനോപദേശം നൽകിയ 5225 പേരിൽ 5085 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 140 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇപ്പോൾ റിസർവ് കണ്ടക്ടർ, ഡ്രൈവർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്, നിയമന ശുപാർശ ലഭിച്ച എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ കണ്ടക്ടർ, ഡ്രൈവർ എന്നീ തസ്തികകളിൽ ഒഴിവുകൾ ഇല്ല. നിയമന ശുപാർശ ലഭിച്ച എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ